പുതുക്കിയ നിരക്ക് (1.10.1978 മുതൽ)

(1)	(2)	(3)	(4)
1. 8 കി.മീ. വരെ	4 06	0 97	5 03
2. 16 കി.മീ. വരെ	4 06	1 23	5 29
3. 32 കി.മീ. വരെ	4 06	1 51	5 57
4. 48 കി.മീ. വരെ	4 06	1 77	5 83
5. 48 കി.മീ.നു മുകളിൽ	4 06	1 77 + 48 കി.മീറ റിന് മുകളിലുള്ള ഓരോ കി.മീ റ്ററിനും കാ ൻറലിന് 2½ പൈസ വീതം	4 06 + ട്രാൻസ് പോർട്ട് ചാർജ്

കേന്ദ്ര ഗവൺമെൻറ് അലോട്ട് ചെയ്ത അരി

666 [959] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിന് കേന്ദ്ര ഗവൺമെൻറ് അലോട്ട് ചെയ്ത അരി ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങൾ സംസ്ഥാന ഗവൺമെൻറ് ഈ സാമ്പത്തിക വർഷത്തിൽ യഥാവസരം വാങ്ങാതിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങൾ;

(സി) എത്ര വീതം;

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെൻറ് അലോട്ട് ചെയ്ത ഭക്ഷ്യസാധനങ്ങൾ സംസ്ഥാന ഗവൺമെൻറ് ആവശ്യാനുസരണം റേഷൻ കടകളിലൂടെ ജനങ്ങൾക്കു യഥാവസരം ലഭ്യമാക്കിക്കൊടുത്തിട്ടുണ്ട്.

(ബി and സി) ഉദിക്കുന്നില്ല.

കേന്ദ്രഗവൺമെൻറ് അലോട്ടു ചെയ്ത ഭക്ഷ്യധാന്യങ്ങൾ

667 [960] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനാവശ്യമായ ഭക്ഷ്യപദാർത്ഥങ്ങൾ കഴിഞ്ഞ വർഷം കേന്ദ്രഗവൺമെൻറ് നൽകിയിരുന്നുവോ;

(ബി) 1978 ജനുവരി മുതൽ ഡിസംബർ വരെ അരിയും ഗോതമ്പും എത്ര നൽകിയെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly